Malappuram District Police

**13/01/2018 മലപ്പുറം**

ആറര കിലോ കഞ്ചാവുമായി രണ്ടുപേർ മലപ്പുറം പൊലിസിന്റെ പിടിയിൽ. നിലമ്പൂർ ചന്തക്കുന്ന് ചാരക്കുളം സൈഫുദ്ദീൻ(29), മലപ്പുറം കോഡൂര് ഉറുദുനഗർ പിച്ചൻ മുത്തങ്ങാത്തൊടി മുഹമ്മദ് ഹാറൂൺ(22) എന്നിവരാണ് പിടിയിലായത്. സിഐ എ.പ്രേംജിത്തിന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയില് കോണോംപാറ ചുങ്കത്ത് വച്ചാണ് പ്രതികളെ അറസ്റ്റ് ചെയ്തത്.

കഞ്ചാവ് കടത്താനുപയോഗിച്ച പൾസര് ബൈക്കും കസ്റ്റഡിയിലെടുത്തു. തമിഴ്നാട്ടിലെ ഉദുമൽപേട്ടയില് നിന്നാണ് കഞ്ചാവ് കൊണ്ടുവരുന്നതെന്ന് പ്രതികൾ സമ്മതിച്ചിട്ടുണ്ട്. വേങ്ങരയിലെ രഹസ്യകേന്ദ്രത്തിൽ സൂക്ഷിച്ചതിന് ശേഷം വിദ്യാർഥികൾക്കും അന്യസംസ്ഥാന തൊഴിലാളികൾക്കും വിൽപ്പന നടത്തുകയായിരുന്നു പതിവ്. പ്രതികളിലൊരാളായ സൈഫുദ്ദീനെതിരേ നിലമ്പൂർ, എടക്കര സ്റ്റേഷനുകളില് വധശ്രമം ഉൾപ്പടെ നിരവധി കേസുകളുണ്ട്.